CC-0. In Public Domain. Digitization by eGangotri

കേരള സർക്കാർ

സംസ്ഥാന പുരാരേഖാവകുപ്പ്

സാമൂഹിക വികാസത്തിലൂടെ മനുഷ്യൻ ആർജ്ജിച്ച എഴുതാനുള്ള കഴിവ് തന്റെ അനുഭവങ്ങളെയും അറിവുകളെയും രേഖപ്പെടുത്താൻ ഉപയോഗിച്ചതിന്റെ ഫലമായി ഉടലെടുത്ത ചരിത്ര രേഖകളാണ് പുരാരേഖകൾ. അമൂല്യമായ ഈ പൈതൃക സമ്പത്തിനെ ശാസ്ത്രീയമായി സംരക്ഷിച്ച് വരും തലമുറക്കായി സൂക്ഷിക്കുന്ന സ്ഥാപനമാണ് സംസ്ഥാന പുരാരേഖാവകുപ്പ്.

ദർശനം

സാംസ്കാരിക പൈതൃകത്തിന്റെ അമൂല്യമായ ഈടുവെയ്പുകളായ പുരാരേഖകൾ ശേഖരിച്ച് സംരക്ഷിക്കുകയും അത് ഭാവി തലമുറയ്ക്ക് കൈമാറുകയും ചെയ്യുന്നതിലൂടെ ദേശ ചരിത്രാവബോധ നിർമ്മിതിയിൽ പങ്കുവഹിക്കുക

ദൗത്യം

നമ്മുടെ രേഖപൈതൃകത്തിന്റെ ശരിയായ സംരക്ഷണത്തിനും ഉപയോഗത്തിനും വേണ്ടി സംസ്ഥാനത്ത് പുരാരേഖകളുടെ ഭരണ നിർവ്വഹണം സംരക്ഷണം എന്നിവ പ്രോത്സാഹിപ്പിക്കുകയും അവയുടെ സൂക്ഷിപ്പുകാർ, ഉപയോക്താക്കൾ എന്നിവർക്കിടയിൽ കൂടുതൽ വൈദഗ്ദ്ധ്യവും ശാസ്ത്രീയ മനോഭാവവും വളർത്തുന്നതിന് സഹായിക്കുകയും ചെയ്യും.

CC-0. In Public Domain. Digitization by eGangotri

വകുപ്പിലെ പ്രധാനപ്പെട്ട രേഖകൾ

ചുരുണകൾ –വലിയ അടുക്കുകളായി സൂക്ഷിക്കുന്ന നീളമുള്ള താളിയോല ചുരുളുകളെയാണ് ചുരുണകൾ എന്നു വിളിക്കുന്നത്. ഇത്തരത്തിൽ പതിനാലായിരത്തിലധികം ചുരുണകളാണ് സംസ്ഥാന പുരാരേഖ വകുപ്പിൽ സൂക്ഷിച്ചിട്ടുള്ളത്

ഒഴുകുകൾ –ഭൂസ്വത്തുമായി ബന്ധപ്പെട്ടവയാണ് ഇവ. ക്രി. വ. 1802 മുതൽ 1837 കാലയളവിലുള്ളവ സംരക്ഷിക്കപ്പെട്ടിട്ടുണ്ട്

മതിലകം രേഖകൾ –പത്മനാഭ സ്വാമി ക്ഷേത്ര ഭരണവുമായി ബന്ധപ്പെട്ട ഏകദേശം മൂവായിരത്തോളം ചുരുണകൾ അടങ്ങുന്ന ശേഖരമാണിത്

നീട്ടുകൾ (രാജ ശാസനങ്ങൾ) – വകുപ്പ് മേലാളന്മാർക്കുള്ള ശാസനങ്ങളും ഉത്തരവുകളും ആണ് നീട്ടുകൾ.

ഗ്രന്ഥങ്ങൾ –ഇരുവശവും മരച്ചീളുകൊണ്ട് സംരക്ഷിക്കപ്പെട്ടിട്ടുള്ള നിശ്ചിത അളവിൽ മുറിച്ച താളിയോലകളുടെ കൈയെഴുത്തു പ്രതിയാണിത്

വിളഞ്ഞിപ്പേർ രേഖകൾ –വസ്തു ആർക്ക് അവകാശപ്പെട്ടതാണെന്നും വസ്തുവിന്റെ പാരമ്പര്യ അവകാശം വന്ന വഴിയും രേഖപ്പെടുത്തിയിട്ടുള്ള ലിഖിതങ്ങളാണിത്

ചെല്ലം വക രേഖകൾ – യുദ്ധം നടത്തൽ, ഉടമ്പടികൾ അവസാനിപ്പിക്കൽ, നയതന്ത്രം നടപ്പിലാക്കൽ പോലുള്ള രാഷ്ട്രീയ സംഭവങ്ങളുമായി ബന്ധപ്പെട്ട് പത്മനാഭസ്വാമി ക്ഷേത്രത്തിലും കൊട്ടാരത്തിലുമായി സംരക്ഷിച്ചിട്ടുള്ള രേഖകൾ

CC-0. In Public Domain. Digitization by eGangotri

പ്രധാന സേവനങ്ങൾ

- ചരിത്രപരമായുള്ള രേഖകൾ സ്വായത്തമാക്കുക, സംരക്ഷിക്കുക
- ഗവേഷണത്തിനായി, രേഖകളുടെ പകർപ്പ് നൽകുക
- പ്രദർശനം, സെമിനാർ എന്നിവ സംഘടിപ്പിക്കുക
- രേഖകളുടെ ഡിജിറ്റൈസേഷൻ, കമ്മ്യൂണിറ്റ് ആർകൈവ്സ് പദ്ധതി
- ചരിത്രരേഖകളുടെ പ്രസിദ്ധീകരണം
- വകുപ്പിൽ നിന്നും പി.ജി ഡിപ്ലോമ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് ആവശ്യമുള്ളതനുസരിച്ച് നൽകി വരുന്നു.

Digitized by eGangotri

വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ

ഡയറക്ടറേറ്റ്, നളന്ദ, തിരുവനന്തപുരം
ഫോൺ: 0471-2311547
email: keralaarchives@gmail.com

സെൻട്രൽ ആർക്കൈവ്സ്, തിരുവനന്തപുരം
ഫോൺ: 0471-2478728
email: centralarchives@gmail.com

റീജിയണൽ ആർക്കൈവ്സ്, എറണാകുളം
ഫോൺ: 0484-2369686
email: regionalarchivesekm@gmail.com

റീജിയണൽ ആർക്കൈവ്സ്, കോഴിക്കോട്
ഫോൺ: 0495-2373701
email: Kozhikodearchives@gmail.com

മ്യൂസിയങ്ങൾ

വൈക്കം സത്യാഗ്രഹ സ്മാരക ഗാന്ധി മ്യൂസിയം
email: vsgmvaikkom@gmail.com

താളിയോല രേഖാ മ്യൂസിയം, ഫോർട്ട്, തിരുവനന്തപുരം

സ്മാരകം

വട്ടിയൂർക്കാവ് സ്വാതന്ത്ര്യസമര സ്മാരകം, വട്ടിയൂർക്കാവ്
Near Polytechnic college, Nettayam

CC-0. In Public Domain. Digitization by eGangotri

ഹെരിറ്റേജ് സെന്ററുകൾ

1 കൊല്ലം ഹെറിറ്റേജ് സെന്റർ,
നാന്തിരിക്കൽ, കൊല്ലം
2 ചാലക്കുടി ഹെറിറ്റേജ് സെന്റർ, തൃശ്ശൂർ
3 മാനന്തവാടി ഹെറിറ്റേജ് സെന്റർ, വയനാട്
4 ജില്ലാ ഹെറിറ്റേജ് സെന്റർ, മട്ടന്നൂർ, കണ്ണൂർ
5 സബ് സെന്റർ, കുന്നമംഗലം, കോഴിക്കോട്
6 പൈതൃക പ്രദർശന ശാല,
കണ്ണൂർ സയൻസ് പാർക്ക്, കണ്ണൂർ

ഇന്റർനാഷണൽ ആർക്കൈവ്സ് ആന്റ് ഹെറിറ്റേജ് സെന്റർ, കാര്യവട്ടം

സംസ്ഥാന പുരാരേഖാ വകുപ്പിന്റെ വിവിധ രേഖശേഖരങ്ങളിലുള്ള ഏകദേശം 1.2 കോടിയോളം വരുന്ന താളിയോല രേഖകൾ കേന്ദ്രീകൃതമായി സംരക്ഷിക്കുന്നതിനും അവയുടെ ഗവേഷണത്തിനും പഠനത്തിനും സഹായമാകും വിധം ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു കെട്ടിട സമുച്ചയമാണ് കാര്യവട്ടം യൂണിവേഴ്സിറ്റി ക്യാമ്പസിനുള്ളിൽ നിർമ്മിക്കുന്ന അന്താരാഷ്ട്ര ആർക്കൈവ്സ് ആന്റ് ഹെറിറ്റേജ് സെന്റർ. ഇതിന്റെ ശിലാസ്ഥാപനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ അവർകൾ നിർവ്വഹിക്കുകയുണ്ടായി. ഈ വർഷം നിർമ്മാണം പൂർത്തീകരിച്ച് രേഖകൾ മാറ്റുന്ന പ്രവർത്തനം പൂർത്തീകരിക്കും.

കേരള പൊതുരേഖ ബിൽ

കേരളത്തിലെ പുരാരേഖകൾ ഉൾപ്പെടെ സർക്കാരിന്റെ പൊതുരേഖകൾ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട കേരള പൊതുരേഖ ബിൽ നിയമസഭ 2025-ൽ പാസ്സാക്കി.

ട്രാൻസ്ലിറ്ററൈസേഷൻ സോഫ്റ്റ് വെയർ

പഴയകാല ലിപികൾ വായിക്കുവാൻ ഉള്ള പ്രയാസം പരിഹരിക്കുന്നതിനായി ഡിജിറ്റൽ യൂണിവേഴ്സ്റ്റിയുമായി സഹകരിച്ചുകൊണ്ട് പഴയ രേഖകൾ മൊഴിമാറ്റം നടത്തുന്നതിന് ആവശ്യമായ സോഫ്റ്റ് വെയറിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു

CC-0. In Public Domain. Digitization by eGangotri

പ്രോജക്ട് മാനേജ്മെന്റ് സിസ്റ്റം

വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സി.ഡിറ്റുമായി സഹകരിച്ചു കൊണ്ട് പ്രോജക്ട് മാനേജ്മെന്റ് സിസ്റ്റം സോഫ്റ്റ് വെയർ നിർമ്മാണം നടന്നുവരുന്നു. കൂടാതെ രേഖസംരക്ഷണവും ഭരണനിർവ്വഹണവും പൊതുജനങ്ങൾക്ക് ചരിത്രാവബോധം വളർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങളും വകുപ്പ് നടത്തി വരുന്നു.

പ്രസിദ്ധീകരണങ്ങൾ

തെരഞ്ഞെടുത്ത സർക്കാർ തിട്ടൂരങ്ങൾ • തെരഞ്ഞെടുത്ത രാജകീയ വിളംബരങ്ങൾ • ഷോകെയ്സ് രേഖാസൂചിക • പെരുമ്പടപ്പ് ഗ്രന്ഥവരി • History of Freedom Movement in Kerala- Vol III • സ്വാതന്ത്ര്യസമര സേനാനികളുടെ തെരഞ്ഞെടുത്ത പ്രസംഗങ്ങൾ • തിരുവിതാംകൂർ നീട്ടുസൂചിക ഭാഗം I • സ്വാതന്ത്ര്യസമര സേനാനികളുടെ നിരോധിക്കപ്പെട്ട കൃതികൾ • തിരുവിതാംകൂർ നീട്ടു സൂചിക ഭാഗം 2, Guide to Records-Regional Archives, Ernakulam • Selected documents on Vaikom Sathyagraha • Kerala State Archives Bulletin Vol.I No.3 • Cultural Heritage & Disaster Management • Rajarshi of Cochin • ശക്തൻ തമ്പുരാൻ തെരഞ്ഞെടുത്ത ഭരണരേഖകൾ • The Joint Commission's Report on Malabar 1792-93 • Archives Treasury • Graem's Report of the Revenue Administration Of Malabar • Selected reports on Malabar, Canara and Wayanad • Thaliyola Vol.I • Kadakkal Rebellion • Guide to the records Regional Archives, Kozhikode • A short Account of the Laccadives Island and Minicoy • Kerala State Archives Bullettin (Swathi Thirunal) • Report on the Northern Division of Malabar • കേരളത്തിലെ പ്രാചീന ലിപിമാതൃകകൾ • താളിയോല Vol.II • സ്വാതന്ത്ര്യസമരസേനാനികളുടെ തെരഞ്ഞെടുത്ത പ്രസംഗങ്ങൾ വാല്യം-3 • സ്വാതന്ത്ര്യസമരസേനാനികളുടെ തെരഞ്ഞെടുത്ത പ്രസംഗങ്ങൾ വാല്യം-2 • ചരിത്ര രശ്മികൾ • ഭരണഭാഷാ അടിസ്ഥാന രേഖകൾ • മതിലകം രേഖകളുടെ ശബ്ദകോശം • Evolution of Mental Health care system in Travancore.

ഫീസ് വിവരം

ഗവേഷണാനുമതി – 545
പകർപ്പപേക്ഷ ഫീസ് – 700
(അപേക്ഷാ ഫീ – 355, സെർച്ച് ഫീ – 355)

മ്യൂസിയം സന്ദർശന സമയം, ഫീസ്

10 AM TO 4.45 PM (തിങ്കൾ അവധി)
മുതിർന്നവർ – 25 കുട്ടികൾ – 5

പുരാരേഖാവകുപ്പ് ഡയറക്ടറുടെ കാര്യാലയം,
നളന്ദ, തിരുവനന്തപുരം-695003
ഫോൺ (ഡയറക്ടർ): 0471-231375
Office: 0471-2311547
www.keralaarchives.org
email: keralaarchives@gmail.com

Printed at Kerala State C-apt, Thiruvananthapuram. Ph: 0471-2365678